<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പത്താം സമ്മേളനം**</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **509** **23.03.2018**-ൽ മറുപടിയ്ക്ക്

<u>**പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള തുടർപഠന പദ്ധതി**</u>

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീമതി.സി.കെ. ആശ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കുക, പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തിവരുന്ന പത്താംതരം/പന്ത്രണ്ടാംതരം തുല്യതാകോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ പഠിതാക്കൾക്ക് പൂർണ്ണമായും ഫീസ് സൗജന്യം നൽകി വരുന്നു. പട്ടികജാതി വിഭാഗക്കാർക്കിടയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ആവിഷ്കരിച്ച് സർക്കാർ ഭരണാനുമതിയോടുകൂടി 'നവചേതന' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ താമസിച്ചുവരുന്ന കോളനികളിൽ പ്രത്യേക സാക്ഷരത-തുല്യതാപരിപാടി നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പതിനാല് ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ജില്ലകളിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. അതത് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഈ കോളനികളെ തെരഞ്ഞെടുത്ത് നൽകിയിട്ടുള്ളത്. ആദ്യഘട്ട പ്രവർത്തനം അഞ്ച് മാസക്കാലയളവാണ്. ഈ ഘട്ടത്തിൽ സർവേയിലൂടെ കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാക്ലാസുകൾ നൽകും. |
| (ബി) | ആദ്യ ഘട്ടത്തിൽ പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | കേരളത്തിലെ 14 ജില്ലകളിലുമായി വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന 100 പട്ടികജാതി വിഭാഗക്കാരുടെ കോളനികളിലാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെയും അധ്യാപകരെയും കണ്ടെത്തുന്ന മാർഗങ്ങളും പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ? | (സി) | ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിൽ സർവേ നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ക്ലാസ് നൽകുന്നതിനായി അതത് കോളനികളിൽനിന്നും അർഹമായ വിദ്യാഭ്യാസയോഗ്യതയുള്ളവരെയാണ് കോളനികൾ |

| | | | |
|---|---|---|---|
| | | | സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾ മുഖേന ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുക്കുന്നത്. വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം, സാക്ഷരത-തുല്യതാക്ലാസ്, സാമൂഹ്യസാക്ഷരതാപരിപാടിയുടെ സംഘാടനം, ക്ലാസ് നയിക്കൽ എന്നിവയാണ് ഓരോ ഇൻസ്ട്രക്ടർമാരുടെയും ചുമതല. 20 മുതൽ 25 പഠിതാക്കൾക്ക് ഒരു ഇൻസ്ട്രക്ടർ എന്ന രീതിയിലാണ് ഇപ്പോൾ ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ